

# ഖുർആൻ ബോധനം

**654**

എ.വൈ.ആർ

സൂറ-16

# അന്നഹ്ൽ

وَيَجْعَلُونَ لِلَّهِ ٱلْبَنَٰتِ سُبْحَٰنَهُۥ ۙ وَلَهُم مَّا يَشْتَهُونَ ﴿٥٧﴾

وَإِذَا بُشِّرَ أَحَدُهُم بِٱلْأُنثَىٰ ظَلَّ وَجْهُهُۥ مُسْوَدًّا وَهُوَ كَظِيمٌ ﴿٥٨﴾

يَتَوَٰرَىٰ مِنَ ٱلْقَوْمِ مِن سُوٓءِ مَا بُشِّرَ بِهِۦٓ ۚ أَيُمْسِكُهُۥ عَلَىٰ هُونٍ أَمْ يَدُسُّهُۥ
فِى ٱلتُّرَابِ ۗ أَلَا سَآءَ مَا يَحْكُمُونَ ﴿٥٩﴾

لِلَّذِينَ لَا يُؤْمِنُونَ بِٱلْءَاخِرَةِ مَثَلُ ٱلسَّوْءِ ۖ وَلِلَّهِ ٱلْمَثَلُ ٱلْأَعْلَىٰ ۚ وَهُوَ ٱلْعَزِيزُ
ٱلْحَكِيمُ ﴿٦٠﴾

وَلَوْ يُؤَاخِذُ ٱللَّهُ ٱلنَّاسَ بِظُلْمِهِم مَّا تَرَكَ عَلَيْهَا مِن دَآبَّةٍ
وَلَٰكِن يُؤَخِّرُهُمْ إِلَىٰٓ أَجَلٍ مُّسَمًّى ۖ فَإِذَا جَآءَ أَجَلُهُمْ لَا يَسْتَـْٔخِرُونَ
سَاعَةً ۖ وَلَا يَسْتَقْدِمُونَ ﴿٦١﴾

وَيَجْعَلُونَ لِلَّهِ مَا يَكْرَهُونَ وَتَصِفُ أَلْسِنَتُهُمُ ٱلْكَذِبَ أَنَّ لَهُمُ ٱلْحُسْنَىٰ ۖ
لَا جَرَمَ أَنَّ لَهُمُ ٱلنَّارَ وَأَنَّهُم مُّفْرَطُونَ ﴿٦٢﴾

**57.** ജനം അല്ലാഹുവിന്ന് പെൺമക്കളെ കൽപിക്കുന്നു. അവൻ അതീവ പരിശുദ്ധനാകുന്നു. അവർക്കോ അവരിഷ്ടപ്പെടുന്ന സന്തതികളും.

**58.** അവരിലൊരുവൻ പെൺകുഞ്ഞ് പിറന്ന ശുഭവാർത്തയറിഞ്ഞാൽ മുഖം കരുവാളിച്ച് കഠിനദുഃഖം കടിച്ചിറക്കുന്നു.

**59.** തനിക്കു ലഭിച്ച ശുഭവാർത്തയുടെ നാണക്കേടാൽ അവൻ ജനത്തിൽ നിന്നൊളിച്ചു നടക്കുന്നു. അപമാനത്തോടെ പുത്രിയെ വളർത്തേണമോ, അതോ മണ്ണിൽ കുഴിച്ചു മൂടിയാലോ എന്നാലോചിക്കുന്നു. നോക്കുക, എത്ര നികൃഷ്ടമാണവർ വിധിക്കുന്നത്!

**60.** ഇത്തരം ദുഷ്ടഗുണങ്ങൾ പരലോക വിശ്വാസമില്ലാത്തവർക്കുള്ളതാകുന്നു. അല്ലാഹുവിന്നുള്ള ഗുണങ്ങളൊക്കെയും അത്യുന്നതങ്ങളത്രെ. അഭിജ്ഞനായ അജയ്യനാണവൻ.

**61.** മനുഷ്യരെ അവരുടെ അധർമങ്ങളുടെ പേരിൽ അല്ലാഹു ഉടനടി ശിക്ഷിക്കുകയാണെങ്കിൽ ഭൂമുഖത്ത് ഒരു ജീവിയെയും അവശേഷിപ്പിക്കുമായിരുന്നില്ല. എന്നാൽ അവൻ നിശ്ചിത അവധിവരെ എല്ലാവർക്കും അവസരം കൊടുക്കുകയാണ്. അവധിയെത്തിയാൽ പിന്നെ ഒരു നിമിഷം പിന്തുവാനോ മുന്തുവാനോ ആരാലും സാധ്യമല്ല.

**62.** ഇന്നിക്കൂട്ടർ തങ്ങൾക്കിഷ്ടമല്ലാത്തതിനെ അല്ലാഹുവിന് കൽപിച്ചുകൊടുക്കുന്നു. നന്മകളൊക്കെയും തങ്ങൾക്കുള്ളതാണെന്ന് അവരുടെ നാവുകൾ കള്ളം ഘോഷിക്കുകയും ചെയ്യുന്നു. അനിവാര്യമായും അവർക്കുള്ളതു നരകമാകുന്നു. അതിൽ ആദ്യം എത്തിച്ചേരുന്നത് അവരാകുന്നു.

وَيَجْعَلُونَ= അവർ ആക്കുന്നു(ജനം കൽപിക്കുന്നു) لِلَّهِ= അല്ലാഹുവിന്ന് ٱلْبَنَٰتِ= പെൺമക്കളെ

അവർ ഇഷ്ടപ്പെടുന്നതും, (ന്ന സന്തതികളും) =مَّا يَشْتَهُونَ അവർക്ക്(ക്കോ) =وَلَهُم അവൻ അതീവ പരിശുദ്ധനാകുന്നു =سُبْحَـٰنَهُۥ

അവരിൽ ഒരുവൻ =أَحَدُهُم സുവിശേഷം നൽകപ്പെട്ടാൽ(ശുഭവാർത്തയറിഞ്ഞാൽ) =وَإِذَا بُشِّرَ

കറുത്തത്(കരുവാളിച്ച്) =مُسْوَدًّا അവന്റെ മുഖം ആയി =ظَلَّ وَجْهُهُۥ പെണ്ണുകൊണ്ട്( പെൺകുഞ്ഞ് പിറന്ന) =بِٱلْأُنثَىٰ

അവൻ മറയുന്ന(ഒളിച്ചുനടക്കുന്ന) =يَتَوَارَىٰ അവൻ വിഴുങ്ങുന്നവനായ നിലയിൽ(കഠിന ദുഃഖം കടിച്ചിറക്കുന്നു) =وَهُوَ كَظِيمٌ

ദോഷത്താൽ, നാണത്താൽ =مِن سُوٓءِ ജനങ്ങളിൽനിന്നു =مِنَ ٱلْقَوْمِ

അവൻ സുവിശേഷം നൽകപ്പെട്ടതെന്താണോ, അതിന്റെ (തനിക്കു ലഭിച്ച ശുഭവാർത്തയുടെ) =مَا بُشِّرَ بِهِۦٓ

നിന്ദ്യതയിൽ(അപമാനത്തോടെ) =عَلَىٰ هُونٍ അതിനെ, പിടിച്ചു നിർത്തുമോ(വളർത്തേണമോ) =أَيُمْسِكُهُۥ

മണ്ണിൽ =فِى ٱلتُّرَابِ ۗ അതോ അതിനെ ചവിട്ടിത്താഴ്ത്തുമോ(കുഴിച്ചു മൂടിയാലോ എന്ന് അവൻ ആലോചിക്കുന്നു) =أَمْ يَدُسُّهُۥ

അവർ വിധിക്കുന്നത് =مَا يَحْكُمُونَ എത്ര നികൃഷ്ടമാണ് =سَآءَ അറിയുവിൻ, നോക്കുക =أَلَا

(ഇത്തരം) ദുഷ്ടഗുണം =مَثَلُ ٱلسَّوْءِ ۖ പരലോക വിശ്വാസമില്ലാത്തവർക്കുള്ളതാകുന്നു =لِلَّذِينَ لَا يُؤْمِنُونَ بِٱلْـَٔاخِرَةِ

അവൻ അജയ്യനാണ് =وَهُوَ ٱلْعَزِيزُ അത്യുന്നത ഗുണങ്ങളാകുന്നു =ٱلْمَثَلُ ٱلْأَعْلَىٰ ۚ അല്ലാഹുവിനുണ്ട്(ള്ളതൊക്കെയും) =وَلِلَّهِ

മനുഷ്യരെ =ٱلنَّاسَ അല്ലാഹു ശിക്ഷിക്കുകയാണെങ്കിൽ =وَلَوْ يُؤَاخِذُ ٱللَّهُ അഭിജ്ഞനായ =ٱلْحَكِيمُ

അവൻ അവശേഷിപ്പിക്കുമായിരുന്നില്ല =مَّا تَرَكَ അവരുടെ അധർമത്തിന്റെ, അതിക്രമത്തിന്റെ പേരിൽ =بِظُلْمِهِم

പക്ഷെ, എന്നാൽ =وَلَـٰكِن ഒരു ജീവിയെയും =مِن دَآبَّةٍ അതിന്റെ മുകളിൽ(ഭൂമുഖത്ത്) =عَلَيْهَا

നിശ്ചിതമായ അവധിവരെ =إِلَىٰٓ أَجَلٍ مُّسَمًّى ۖ അവൻ അവരെ അവശേഷിപ്പിക്കുകയാണ് =يُؤَخِّرُهُمْ

(ആരാലും സാധ്യമല്ല) അവർ പിന്തുവാൻ(നോ) =لَا يَسْتَـْٔخِرُونَ അവരുടെ അവധി വന്നാ(എത്തിയാ)ൽ =فَإِذَا جَآءَ أَجَلُهُمْ

അവർ മുന്തുവാനും(നോ) =وَلَا يَسْتَقْدِمُونَ ഒരു നിമിഷം =سَاعَةً

അവർ(ഇക്കൂട്ടർ) അല്ലാഹുവിന്നു ആക്കുന്നു(കൽപിച്ചു കൊടുക്കുന്നു) =وَيَجْعَلُونَ لِلَّهِ

അവരുടെ നാവുകൾ വിശേഷിപ്പിക്കുന്നു(ഘോഷിക്കുന്നു) =وَتَصِفُ أَلْسِنَتُهُمُ അവർ വെറുക്കുന്നത്(ഇഷ്ടമില്ലാത്തതിനെ) =مَا يَكْرَهُونَ

അനിവാര്യമായും, സത്യമായും =لَا جَرَمَ നന്മകൾ(ഒക്കെയും) =ٱلْحُسْنَىٰ ۖ തങ്ങൾക്ക് ഉള്ളതാണെന്ന് =أَنَّ لَهُمُ കള്ളം =ٱلْكَذِبَ

തീർച്ചയായും അവർ =وَأَنَّهُم നരകം(ആകുന്നു) =ٱلنَّارَ അവർക്കുണ്ട്(ഉള്ളത്) =أَنَّ لَهُمُ

മുന്തിക്കപ്പെടുന്നവരാകുന്നു(അതിൽ ആദ്യം എത്തിച്ചേരുന്നവരാണ്) =مُّفْرَطُونَ

**57.** അല്ലാഹു അനുഗ്രഹിച്ചരുളിയ വിഭവങ്ങൾ അവൻ കൽപിച്ച വിധം വ്യയം ചെയ്യാതെ, തങ്ങളുടെ സ്വയംകൃത ദൈവങ്ങൾക്ക് അതിൽനിന്ന് വിഹിതം നീക്കിവെക്കുന്ന ജാഹിലീ അറബികളുടെ സമ്പ്രദായം പരാമർശിച്ച ശേഷം അവരുടെ ദൈവസങ്കൽപത്തിലുള്ള അതിനെക്കാൾ ഗുരുതരമായ മറ്റൊരു വൈകല്യം സൂചിപ്പിച്ചിരിക്കുകയാണിവിടെ. ദൈവത്തിന് പങ്കാളികളെ സങ്കൽപിക്കുക എന്നതുതന്നെ മഹാപാതകമാണ്. ആ പങ്കാളികൾ അവന്റെ സന്തതികളാണെന്ന് കൂടി പറയുമ്പോൾ അതിന്റെ ഗൗരവം പിന്നെയും വർധിക്കുന്നു. മനുഷ്യരെയും മറ്റു ജന്തുക്കളെയും പോലെ പുത്രകളത്രങ്ങളെ ആശ്രയിക്കുന്നവനും സന്തതികളിലൂടെ വംശം നിലനിർത്തുന്നവനുമാണ് അല്ലാഹു എന്നാണല്ലോ അതിനർഥം. അവിടെയും നിൽക്കാതെ അല്ലാഹുവിന്റെ മക്കളെല്ലാം പെണ്ണുങ്ങളാണെന്നുകൂടി ആരോപിച്ചിരിക്കുകയാണവർ. അറബികൾ മലക്കുകളെയും ദേവിമാരെയുമെല്ലാം അല്ലാഹുവിന്റെ പെൺമക്കളായിട്ടാണ് സങ്കൽപിച്ചിരുന്നത്. അവരുടെ സങ്കൽപത്തിൽ ദേവന്മാർ കുറവായിരുന്നു. ഉള്ളവരെ തന്നെ ദൈവത്തിന്റെ പുത്രന്മാരായി കരുതിയിരുന്നില്ല. അവരുടെ ദൃഷ്ടിയിൽ ഒരുപാട് പെൺമക്കൾ മാത്രമുള്ള പിതാവാണ് അല്ലാഹു.

അല്ലാഹുവിന്ന് കൽപിച്ചുകൊടുക്കുന്ന പെൺകുട്ടികളാവട്ടെ, അവർക്ക് ജനിക്കുന്നത് അവരൊട്ടും ഇഷ്ടപ്പെടുന്നുമില്ല. പൊതുവിൽ ആൺകുട്ടികളെയാണ് ആളുകൾ ഇഷ്ടപ്പെടുന്നത്. ആൺകുട്ടികളെ മോഹിക്കുന്നതോടൊപ്പം പെൺകുട്ടികൾ ജനിക്കുന്നത് വെറുക്കുകയും മാനക്കേടായി കണക്കാക്കുകയും കൂടി ചെയ്യുന്നവരായിരുന്നു അറബികൾ. അല്ലാഹുവിന്ന് പെൺമക്കളെ സങ്കൽപിക്കുമ്പോൾ തങ്ങൾക്ക് ആൺകുട്ടികൾ തന്നെ വേണമെന്ന് അവർ മോഹിക്കുന്നു. ഇതാണ് وَلَهُم مَّا يَشْتَهُونَ എന്ന വാക്യത്തിന്റെ താൽപര്യം. അല്ലാഹുവാകട്ടെ, ഇത്തരം ആവശ്യങ്ങൾക്കും ദൗർബല്യങ്ങൾക്കുമെല്ലാം അതീതനും അതീവപരിശുദ്ധനുമാണ്. തങ്ങളുടെ കാര്യത്തിൽ ന്യൂനതയും നാണക്കേടുമായി കരുതുന്ന സംഗതി എല്ലാ ന്യൂനതകൾക്കും അതീതനും പരമപരിശുദ്ധനുമായ അല്ലാഹുവിൽ ആരോപിക്കുകയാണ് അല്ലാഹുവിന്ന് പെൺമക്കളെ സങ്കൽപിക്കുന്നവർ ചെയ്യുന്നത്.

**58,59.** അല്ലാഹുവിന്ന് കൽപിച്ചുകൊടുക്കുന്ന പെൺകുട്ടികളുടെ കാര്യത്തിൽ അവരുടെ നിലപാട് ഇതാണ്: തനിക്കൊരു പെൺകുട്ടി ജനിച്ചുവെന്നറിയുന്നവന്റെ മുഖം നാണക്കേടുകൊണ്ടും വ്യഥ കൊണ്ടും കരുവാളിച്ചുപോകുന്നു. ലജ്ജാഭാ

രത്താൽ ആളുകളെ അഭിമുഖീകരിക്കാനാവാതെ ഒളിച്ചു നടക്കുന്നു. കുട്ടിയെ വളർത്തണമോ, അതോ ജീവനോടെ കുഴിച്ചുമൂടേണമോ എന്ന സങ്കീർണമായ ധർമസങ്കടത്തിലകപ്പെടുന്നു. ഒടുവിൽ ചിലർ കുഞ്ഞിനെ കുഴിച്ചു മൂടാൻ തന്നെ തീരുമാനിക്കുന്നു. ഈ നടപടിക്ക് അറബികൾ ഉപയോഗിച്ചിരുന്ന വാക്ക് وأد എന്നാണ്. കുഴിച്ചു മൂടപ്പെട്ട പെൺകുഞ്ഞിന് موؤدة എന്നുപറയും. അന്ത്യനാളിൽ ഓരോ മൗഊദത്തിനോടും അവൾ കൊല്ലപ്പെട്ടത് എന്തുകുറ്റത്തിന്റെ പേരിലാണെന്ന് അല്ലാഹു അന്വേഷിക്കുമെന്ന് സൂറ *അത്തക്‌വീറിൽ* പ്രസ്താവിക്കുന്നുണ്ട്: وَإِذَا ٱلْمَوْءُۥدَةُ سُئِلَتْ ﴿٨﴾ بِأَىِّ ذَنۢبٍ قُتِلَتْ.

ജാഹിലി ജീവിതത്തിന്റെ അവിഭാജ്യ ഘടകമായിരുന്നു യുദ്ധവും സംഘട്ടനവും. പ്രധാന തൊഴിൽ കാലി മേയ്ക്കലും വ്യാപാരവുമായിരുന്നു. ഈ മൂന്നുകാര്യങ്ങളിലും സ്ത്രീക്ക് കാര്യമായ പങ്കുണ്ടായിരുന്നില്ല. യുദ്ധത്തിന് ആയുധാഭ്യാസവും കായിക ശേഷിയും വേണം. വ്യാപാരത്തിന് ദൂരദിക്കുകളിൽ സഞ്ചരിക്കേണം. ഇടയവൃത്തിക്കും കാലികളെയും കൊണ്ട് പുൽമേടുകൾ തേടി സഞ്ചരിക്കണം. ഇതിനൊന്നും കഴിയാത്ത സ്ത്രീകൾ കുടുംബത്തിന് ദാരിദ്ര്യം മാത്രം ഉണ്ടാക്കുന്നവരായി കണക്കാക്കപ്പെട്ടു. ഗൃഹപാലനം, പ്രസവം, സന്താനപരിപാലനം ഇതിൽ പരിമിതമായിരുന്നു അവരുടെ ജീവിതം. ഗോത്രങ്ങൾ തമ്മിൽ യുദ്ധമുണ്ടാകുമ്പോൾ ശത്രുക്കളുടെ കൈകളിൽ ആദ്യം അകപ്പെടുക സ്ത്രീകളാണ്. ശത്രുക്കൾ പിടികൂടുന്ന സ്ത്രീകൾ മാനഭംഗം ചെയ്യപ്പെടുകയും അടിമകളാക്കപ്പെടുകയും ചെയ്യുന്നു. സ്ത്രീകൾ ശത്രുക്കളുടെ കൈകളിലകപ്പെടുന്നത് ഏറ്റവും വലിയ അപമാനമായിട്ടാണ് എല്ലാ ഗോത്രങ്ങളും കരുതിയിരുന്നത്. ഗോത്രത്തിന് മാനഹാനിയുണ്ടാക്കുന്ന വലിയൊരു ഭാരമായിരുന്നു അവർക്കു സ്ത്രീകൾ. സ്ത്രീകളുടെ പിതാവാകുന്നതുതന്നെ പുരുഷന്മാർക്ക് നാണക്കേടായിരുന്നു. പുരുഷ സന്തതികളുണ്ടാകുന്നതിൽ അവർ അഭിമാനിക്കുകയും ചെയ്തു. കുടുംബത്തിന് ഭാരമായിത്തീരുന്ന പെൺകുട്ടികളെ പിറന്ന പാടെ കുഴിച്ചുമൂടുന്നതിൽ അവർ ഒരു കുറ്റവും കണ്ടില്ല. ചിലർ നാലും അഞ്ചും വയസ് പ്രായമായ പെൺകുട്ടികളെപ്പോലും കുഴിച്ചു മൂടിയിരുന്നു. വഅ്ദ് സമ്പ്രദായം പൊതുവിൽ ആക്ഷേപിക്കപ്പെട്ടിരുന്നില്ലെങ്കിലും എല്ലാ ഗോത്രങ്ങളും അതു ചെയ്തിരുന്നില്ല. ഖുസാഅ, കിനാന, മുദർ ഗോത്രങ്ങൾ വഅ്ദ് ചെയ്തിരുന്നു. ഏറ്റവും കൂടുതൽ ഇതു നടന്നിരുന്നത് തമീം ഗോത്രത്തിലായിരുന്നുവത്രെ.

ഇസ്‌ലാം അതിന്റെ ആദ്യ നാളുകളിൽ തന്നെ വഅ്ദ് കർശനമായി നിരോധിച്ചു. പെൺകുട്ടികളെ പോറ്റി വളർത്തുന്നതിനെ പ്രത്യേകം പ്രോത്സാഹിപ്പിക്കുകയും ചെയ്തു. പ്രവാചകൻ പ്രസ്താവിച്ചതായി ആഇശ(റ) ഉദ്ധരിക്കുന്നു:

من ابتلى من البنات بشئ فاحسن اليهن كن له سترا من النار

(വല്ലവനും പെൺകുട്ടികളാൽ പരീക്ഷിക്കപ്പെടുകയും അവരെ നല്ലരീതിയിൽ വളർത്തുകയും ചെയ്താൽ അവർ അവന്ന് നരകത്തിൽനിന്ന് മറയായിത്തീരുന്നതാകുന്നു). അനസ് ബിൻ മാലികിൽനിന്ന് മുസ്‌ലിം ഉദ്ധരിക്കുന്നു: തന്റെ രണ്ടു വിരലുകൾ ചേർത്തു പിടിച്ചുകൊണ്ട് നബി(സ) പ്രസ്താവിച്ചു:

من عال جاريتين حتى تبلغا جاء يوم القيامَة أنا وهو

(രണ്ടു പെൺകുട്ടികളെ പ്രായപൂർത്തിവരെ വളർത്തിയവനും ഞാനും അന്ത്യനാളിൽ ഇപ്രകാരം ചേർന്നുവരുന്നതാണ്). പ്രവാചകൻ പ്രസ്താവിച്ചതായി അബൂയഅ്‌ല ഉദ്ധരിക്കുന്നു:

من كانت له بنت فادّبها فاحسن ادبها وعلّمها فاحسن تعليمها واسبغ عليها من نعم الله التى اسبغ عليه كانت له سترا اوحجابا من النّار

(ഒരുവന്ന് പെൺകുഞ്ഞുണ്ടാവുകയും, അവൻ അവളെ ഏറ്റം നല്ല സ്വഭാവ ചര്യകൾ ശീലിപ്പിക്കുകയും ഏറ്റം നല്ല വിദ്യാഭ്യാസം നൽകുകയും തനിക്ക് അല്ലാഹു ചൊരിഞ്ഞു തന്ന അനുഗ്രഹങ്ങൾ അവൾക്കും ചൊരിഞ്ഞുകൊടുക്കുകയും ചെയ്താൽ അവൾ അവന്ന് നരകത്തിൽ നിന്നുള്ള മറയോ വിലക്കോ ആയിത്തീരുന്നതാണ്).

സന്തോഷമുളവാക്കുന്ന വാർത്ത എന്ന അർഥത്തിലുള്ള تبشير ൽ നിന്നുള്ള ക്രിയയുടെ കർമണി രൂപമാണ് بُشّر. ഖുർആൻ ചിലപ്പോൾ കേൾക്കുന്നവന് സന്തോഷമുളവാക്കാത്ത വാർത്തയെയും ഈ പദം കൊണ്ട് സൂചിപ്പിക്കുന്നുണ്ട്. ഉദാ: فَبَشِّرْهُم بِعَذَابٍ أَلِيمٍ അതിനു രണ്ടു വിശദീകരണമുണ്ട്. ഒന്ന്, വാർത്ത നൽകപ്പെടുന്നവനു നേരെയുള്ള പരിഹാസോക്തിയാണത്. രണ്ട്; മൗലികമായ ഭാഷാർഥം, പരിഗണിച്ചുകൊണ്ടാണ്. മനുഷ്യചർമമാണ് بَشَرْة. ചർമത്തിൽ(بشرة) പ്രതിഫലനം സൃഷ്ടിക്കുന്ന വാർത്തയാണ് بشارةഉം تبشيرഉം. സന്തോഷവും ദുഃഖവും ആഹ്ലാദവും കോപവുമെല്ലാം മുഖ ചർമത്തിൽ പ്രതിഫലിക്കും. അത്തരം ഏതു പ്രതിഫലനം സൃഷ്ടിക്കുന്ന വാർത്തയും تبشير ആകുന്നു. കേൾക്കുന്നവൻ ദുഃഖപരവശനാവുകയും മുഖം കരുവാളിക്കുകയും ചെയ്യുന്ന വാർത്തയെ ഇവിടെ تبشير എന്നു വ്യവഹരിച്ചത് ഈ അർഥത്തിലാവാം. കേൾക്കുന്നവന്റെ മുഖം കറുക്കുമെങ്കിലും യഥാർഥത്തിൽ അതൊരു ശുഭവാർത്തതന്നെയാണ് എന്ന അർഥത്തിലുമാവാം.

سَآءَ مَا يَحْكُمُونَ എന്ന വാക്യത്തെ ഈ സൂക്തത്തിന്റെ ആഖ്യാനവുമായി ബന്ധപ്പെടുത്തിക്കൊണ്ടും 58-ാം സൂക്തവുമായി ബന്ധപ്പെടുത്തിക്കൊണ്ടും മനസ്സിലാക്കാവുന്നതാണ്. ഒന്നാമത്തേതനുസരിച്ച് ആശയം പെൺകുട്ടിയെ ദാരിദ്ര്യ ഹേതുവും അപമാനഭാരവുമായി കണ്ട് കുഴിച്ചുമൂടാൻ തീരുമാനിക്കുന്നത് എത്ര നികൃഷ്ടമായ തീരുമാനമാണ്' എന്നാകുന്നു. രണ്ടാമത്തേതനുസരിച്ച്, തങ്ങൾക്ക് ആൺകുട്ടികളും അല്ലാഹുവിന്ന് പെൺകുട്ടികളും എന്ന അവരുടെ സങ്കൽപം എത്ര മോശപ്പെട്ടതാണ്! മിക്കവാറും രണ്ടാശയങ്ങളും ഇവിടെ ഉദ്ദേശ്യമാകുന്നു.

**60.** مَثَلُ ٱلسَّوْءِ നെയാണ് 'ഇത്തരം ദുഷ്ടഗുണങ്ങൾ' എന്ന് തർജമ ചെയ്തിരിക്കുന്നത്. പുരുഷ സന്തതികളോടുള്ള അമിത താൽപര്യം, സ്ത്രീ വിരോധം, മർത്യ ജീവിതത്തിന്റെ പാതിയാണെന്നറിഞ്ഞുകൊണ്ട് തന്നെ അവരെ കുഴിച്ചുമൂടൽ, സ്ത്രീകൾ ഹീനരാണെന്നു കരുതുന്നതോടൊപ്പം പരിശുദ്ധനായ അല്ലാഹുവിനുള്ളതെല്ലാം പെൺമക്കളാണെന്നാരോപിക്കൽ തുടങ്ങിയ നടപടികളാണുദ്ദേശ്യം. ഇത്തരം ദുഷ്ടവിചാരങ്ങൾ ഉരുവം കൊള്ളുന്നത് പരലോക വിശ്വാസത്തിന്റെ അഭാവത്തിൽ നിന്നാണ്. ഒരുനാൾ അല്ലാഹുവിനെ കണ്ടുമുട്ടേണ്ടതുണ്ടെന്നും അന്നു തങ്ങളുടെ നടപടികൾക്കെല്ലാം സമാധാനം ബോധിപ്പിക്കേണ്ടി വരുമെന്നും ദൃഢവിശ്വാസമുള്ളവർ അല്ലാഹുവിന്റെ ഏകത്വത്തിനും പരിശുദ്ധിക്കും നിരക്കാത്തയാതൊന്നും അവനിൽ ആരോപിക്കുകയില്ല. അന്ധവിശ്വാസികൾ ആരോപിക്കുന്ന അധമഗുണങ്ങൾക്കെല്ലാം വിരുദ്ധമായ അത്യുന്നത ഗുണങ്ങൾക്കുടയവനാണല്ലാഹു. സൽഗുണങ്ങ

ളിലും സർവശക്തിയിലും ജ്ഞാനത്തിലും അവനെ വെല്ലുന്ന യാതൊന്നുമില്ല.

**61.** ഞങ്ങൾ ദൈവത്തിന്റെ ഏകത്വത്തെ നിഷേധിക്കുന്നു. അവന്റെ വിശുദ്ധിക്കിണങ്ങാത്ത ഗുണങ്ങൾ അവനിൽ ആരോപിക്കുന്നു. അതൊക്കെ തിരുത്താൻ വന്നുവെന്നവകാശപ്പെടുന്ന പ്രവാചകനെ തള്ളിപ്പറയുകയും മർദിക്കുകയും ചെയ്യുന്നു. ഇതൊക്കെ വലിയ അധർമവും അതിക്രമവുമാണെങ്കിൽ എന്തുകൊണ്ട് ദൈവം ഞങ്ങളെപ്പിടിച്ചു ശിക്ഷിക്കുന്നില്ല? സത്യപ്രബോധകർ എന്നവകാശപ്പെടുന്നവരെക്കാൾ എത്രയോ സമ്പന്നരും ശക്തരും സൗഭാഗ്യവാന്മാരുമാണല്ലോ ഇപ്പോൾ ഞങ്ങൾ. ഞങ്ങൾ ചെയ്യുന്നത് അധർമമോ അക്രമമോ അല്ല, പ്രത്യുത ഞങ്ങളുടെ കർത്തവ്യങ്ങൾ മാത്രമാകുന്നു എന്നതിന്റെ തെളിവാണിത്. അവിശ്വാസികൾ പല രൂപത്തിൽ അടിക്കടി ഉന്നയിക്കാറുള്ള വാദമാണിത്. അല്ലാഹുവിന്ന് പെൺമക്കളെ ചാർത്തിക്കൊടുക്കുന്നതിലും അവരുടെ ന്യായം ഇതുതന്നെയായിരുന്നു. അതിനു അല്ലാഹു മറുപടി നൽകുകയാണ്: മനുഷ്യർ പാപം ചെയ്യുന്നതും പാർത്തിരിക്കുക, ആരെങ്കിലും വല്ല തെറ്റും ചെയ്താൽ ഉടനെ അവനെ പിടിച്ചു ശിക്ഷിക്കുക; ഇതല്ല അല്ലാഹുവിന്റെ നടപടിക്രമം. അങ്ങനെയായിരുന്നു അവന്റെ വ്യവസ്ഥയെങ്കിൽ ഈ ഭൂമുഖത്ത് ഒരു ജീവിക്കും വാഴാൻ അവസരം ലഭിക്കുമായിരുന്നില്ല. മറിച്ച് അവന്റെ സംവിധാനം ഇതാണ്: ഒരു നിശ്ചിത കാലം വരെ സൃഷ്ടികൾക്ക് അവസരം നൽകുക. ആ അവസരം സത്യം അന്വേഷിക്കാനും ഉൾക്കൊള്ളാനും അങ്ങനെ സ്വയം സംസ്കരിക്കാനും ഉപയോഗിക്കാനാഗ്രഹിക്കുന്നവർക്ക് അതിനുവേണ്ടി ഉപയോഗിക്കാം. ആ സത്യങ്ങൾ പുണർന്ന് അധർമങ്ങളിലാറാടി സ്വയം മലിനരാവാനാഗ്രഹിക്കുന്നവർക്ക് അതിനുവേണ്ടിയും ഉപയോഗിക്കാം. നിശ്ചിത കാലാവധി എത്തുംമുമ്പ് അവരവരുടെ അവസ്ഥ മാറ്റം വരുത്തി നന്മയുടെയോ തിന്മയുടെയോ മാർഗം പുതുതായി സ്വീകരിക്കാനും എല്ലാവർക്കും സ്വാതന്ത്ര്യവും സൗകര്യവുമുണ്ട്. തിന്മയിൽ നിന്നു നന്മയിലേക്കുള്ള മാറ്റമാണ് തൗബഃ. നിശ്ചിത അവധിയെത്തിക്കഴിഞ്ഞാൽ പിന്നെ പുനരാലോചനക്കുവേണ്ടി ആർക്കും ഒരു നിമിഷം പോലും നീട്ടിക്കൊടുക്കുകയില്ല. പുനരാലോചനക്ക് തടസ്സമാകും വണ്ണം ആരുടെയും നിശ്ചയിക്കപ്പെട്ട അവധി ഒരു നിമിഷം മുമ്പുപോലം അവസാനിപ്പിക്കുകയുമില്ല. ജീവിതകാലമാണ് പ്രവർത്തിക്കാനുള്ള അവസരം. അതുകഴിഞ്ഞാൽ പ്രതിഫലത്തിനുള്ള കാലമാണ്. സൃഷ്ടികളുടെ ധർമാധർമങ്ങൾക്കും പുണ്യപാപങ്ങൾക്കുമുള്ള അന്തിമവും ആത്യന്തികവുമായ പ്രതിഫലം അവിടെയാണ് ലഭിക്കുക.

ചരിക്കുന്നത്, ജീവനുള്ള സൃഷ്ടി ആണ് دَآبَّةٍ. ഇവിടെ مَّا تَرَكَ عَلَيْهَا مِن دَآبَّةٍ എന്നതുകൊണ്ടുദ്ദേശ്യം ഒറ്റ മനുഷ്യനെയും ബാക്കിവെക്കുമായിരുന്നില്ല എന്നാവാം. എന്തെങ്കിലും കുറ്റം ചെയ്യാത്ത മനുഷ്യരുണ്ടാവില്ലല്ലോ. കുറ്റം ചെയ്താലുടനെ ശിക്ഷിക്കപ്പെടുകയാണെങ്കിൽ പിന്നെ ആർക്കാണ് ജീവിക്കാനവസരമുണ്ടാവുക. ഭൂമുഖത്തുള്ള സകല ജീവജാലങ്ങളെയും ഈ വാക്യത്തിൽ ഉദ്ദേശിക്കപ്പെട്ടിരിക്കുന്നുവെന്നാണ് വലിയൊരു വിഭാഗം മുഫസ്സിറുകൾ വ്യാഖ്യാനിച്ചിട്ടുള്ളത്. ഭൂമിയിലുള്ളതെല്ലാം സൃഷ്ടിക്കപ്പെട്ടത് മനുഷ്യർക്കു വേണ്ടിയാണ്. മനുഷ്യൻ നശിച്ചു പോയാൽ അനുബന്ധമായി ഭൂമിയിലുള്ള ഇതര ജീവജാലങ്ങളും നശിച്ചുപോകും. കൂടാതെ അല്ലാഹു ഈ ലോകത്തു മനുഷ്യരെ ശിക്ഷിക്കാറുള്ളത് കൊടുങ്കാറ്റ്, പ്രളയം, ഭൂകമ്പം, വരൾച്ച തുടങ്ങിയ പരിസ്ഥിതി നാശങ്ങളിലൂടെയാണ്. ഇത്തരം അത്യാഹിതങ്ങളുണ്ടാകുന്നത് അക്രമികളെ ശിക്ഷിക്കാനുദ്ദേശിച്ചായാലും പ്രകൃതി നിയമമനുസരിച്ച് നീതിമാന്മാരും തിര്യക്കുകളുമെല്ലാം അതിന്റെ ഇരകളായിത്തീരുന്നു. അതിനാൽ ഏറെ പൊറുക്കുന്നവനും കരുണാമയനുമായ അല്ലാഹു മനുഷ്യരെ ശിക്ഷിക്കുന്നത് ഒരവധിവരെ നീട്ടിവെച്ചിരിക്കുന്നു. അങ്ങനെ ചെയ്തില്ലെങ്കിൽ മനുഷ്യരും ഇതര ജീവികളും എന്നോ നശിച്ചുപോകുമായിരുന്നു. ഈ വ്യാഖ്യാനത്തിന് ഉപോദ്ബലകമായി അബൂഹുറയ്റയിൽനിന്ന് ബൈഹഖി ഉദ്ധരിക്കുന്നു: 'അക്രമി ദ്രോഹിക്കുന്നത് അവനെ മാത്രമാണ്' എന്ന് ഒരാൾ പറയുന്നത് കേട്ടപ്പോൾ അദ്ദേഹം പറഞ്ഞു: അല്ലാഹുവാണ, കാര്യം അങ്ങനെയല്ല. കൊറ്റി അതിന്റെ കൂട്ടിൽ ചത്തുപോകുന്നതുവരെ അക്രമിയുടെ അക്രമം മൂലമാകുന്നു.' ഇബ്നു മസ്ഊദ്(റ) പ്രസ്താവിച്ചതായി ഉദ്ധരിക്കപ്പെടുന്നു: വണ്ട് അതിന്റെ പൊത്തിൽ നശിക്കുന്നതും മനുഷ്യപുത്രന്റെ പാപം മൂലമാണ്' തുടർന്ന് അദ്ദേഹം ........وَلَوْ يُؤَاخِذُ ٱللَّهُ എന്ന സൂക്തം പാരായണം ചെയ്തു.

**62.** അറബി ഭാഷയിലെ പരസ്പര വിരുദ്ധമായ അർഥങ്ങൾ വഹിക്കുന്ന പദങ്ങളിലൊന്നാണ് فَرط. അമിതത്വത്തെയും അധികത്തെയുമാണത് സൂചിപ്പിക്കുന്നത്. فَرط الحب അമിത സ്നേഹമാണ്. افرط എന്ന ക്രിയ അമിതമായി, അധികമായി എന്ന അർഥത്തിലും, വിസ്മരിച്ചു, അവഗണിച്ചു എന്ന അർഥത്തിലും ഉപയോഗിക്കും; افرطയിൽ നിന്നുള്ള ബഹുവചന കർമപദമാണ് مُّفْرَطُونَ. ആദ്യത്തെ അർഥത്തിൽ افرط യെ മനസ്സിലാക്കുമ്പോൾ അവരവിടെ വളരെയധികം കാലം വസിപ്പിക്കപ്പെടുന്നവരാകുന്നു എന്നർഥമാകുന്നു. خالدون فيها എന്നതിനു സമാനമാണിത്. രണ്ടാമത്തെ അർഥത്തിൽ മനസ്സിലാക്കുമ്പോൾ അവർ നരകത്തിൽ തള്ളപ്പെട്ട് അവഗണിതരും വിസ്മൃതരുമാകുന്നു എന്നർഥമാകുന്നു. فَرط എന്ന ക്രിയക്ക് മുന്നിലായി മുന്നേറി എന്നും അർഥമുണ്ട്. അതിനെ ആസ്പദമാക്കി ചില പണ്ഡിതന്മാർ 'അവർ മറ്റാരെക്കാളും മുമ്പേ നരകത്തിൽ എത്തിക്കപ്പെടുന്നു' എന്നും അർഥം നൽകിയിരിക്കുന്നു. വിഗ്രഹാരാധകരുടെ മൗഢ്യം സൂചിപ്പിക്കുകയാണിവിടെ. തങ്ങൾക്ക് അരോചകമായി തോന്നുന്ന പെൺമക്കളെ അല്ലാഹുവിന്ന് ചാർത്തിക്കൊടുക്കുക എന്നതുതന്നെ ഒന്നാംതരം മൂഢതയാണ്. അതിനും പുറമെ ആ പെൺമക്കളെക്കുറിച്ച് അവർ ഇങ്ങനെ വ്യാമോഹിക്കുകയും ചെയ്യുന്നു. മുഹമ്മദ്(സ) താക്കീതു ചെയ്യുന്നതുപോലെ മരണാനന്തര ജീവിതമുണ്ടെങ്കിൽ തന്നെ, ഈ ലോകത്ത് ഞങ്ങൾക്ക് ഇക്കണ്ട സൗഭാഗ്യങ്ങളെല്ലാം നൽകുന്ന ദേവതകൾ അവിടെയും ഞങ്ങളെ രക്ഷിക്കുകയും അനുഗ്രഹിക്കുകയും ചെയ്യും. വാസ്തവത്തിൽ സ്വന്തം കർമദോഷങ്ങളാൽ നരകപ്രവേശം അനിവാര്യമായിത്തീർന്നവരാണവർ. മറ്റാരെക്കാളും മുമ്പെ അതിൽ ചെന്നെത്തുന്നതും അവരായിരിക്കും. പിന്നെ ആരാലും സ്മരിക്കപ്പെടുകയോ അന്വേഷിക്കപ്പെടുകയോ ചെയ്യാതെ അവരതിൽ തന്നെ നിത്യവാസം ചെയ്യും. ■